"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - അസറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - ഭരണാനുമതി നൽകിയ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ - പൂർത്തിയാക്കൽ കാലാവധി ദീർഘിപ്പിച്ച് - പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.870/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം.512/2025/ആ.കു.വ. തീയതി 22.02.2025.
2. സ.ഉ.(സാധാ) നം.219/2026/ആ.കു.വ. തീയതി 17.01.2026.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 26.02.2026 തീയതിയിലെ എ3/6903/2024/മെ.വി.വ. നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 2024-25 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് "Urgent painting and repair works in Main Hospital Building, ICH, Kottayam", "Prevention of ingress of rain water in C2 Block Building at Government Medical College Kottayam - Providing fixed or sliding aluminium windows at existing openings covered with aluminium grills in order to prevent the ingress of rain water" എന്നീ രണ്ടു പ്രവൃത്തികൾ ചെയ്യുന്നതിന് പരാമർശം (1)ലെ ഉത്തരവ് പ്രകാരം ₹60,23,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പരാമർശം (2)ലെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 22.08.2025 മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ ദീർഘിപ്പിച്ച് നൽകിയ കാലാവധിക്കുള്ളിലും പൂർത്തീകരിക്കുവാൻ സാധിക്കില്ലെന്ന് പരാമർശം (3) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. തുടർന്ന് പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി 5 മാസത്തേയ്ക്ക് കൂടി (21-07-2026 വരെ) ദീർഘിപ്പിച്ച് നൽകണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 2024-25 വർഷത്തെ അസറ്റ് മെയിന്റനൻസ് ഫണ്ടിന് കീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള, കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ "Urgent painting and repair works in Main Hospital Building, ICH, Kottayam", "Prevention of ingress of rain water in C2 Block Building at

Government Medical College Kottayam - Providing fixed or sliding aluminium windows at existing openings covered with aluminium grills in order to prevent the ingress of rain water" എന്നീ പ്രവൃത്തികളുടെ **പൂർത്തീകരണ കാലാവധി അഞ്ച് മാസത്തേക്ക് കൂടി (21-07-2026 വരെ) ദീർഘിപ്പിച്ച് നൽകി പുതുക്കിയ ഭരണാനുമതി ഉത്തരവ്** പുറപ്പെടുവിക്കുന്നു.

4. മേൽ പ്രകാരം ദീർഘിപ്പിച്ച് നൽകിയിട്ടുള്ള കാലാവധിക്കുള്ളിൽ ടി പ്രവൃത്തികൾ കൃത്യമായി പൂർത്തിയാക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) ഉറപ്പ് വരുത്തേണ്ടതാണ്.

5. മേൽ ഭേദഗതിയോടെ മാത്രം പരാമർശം (1)ലെയും, (2)ലെയും ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), കോട്ടയം
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഗാന്ധിനഗർ സ്പെഷ്യൽ ബിൽഡിംഗ്സ് സബ് ഡിവിഷൻ, പൊതുമരാമത്ത് വകുപ്പ്, കോട്ടയം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ്(3037914/HLT-A2/31/2025-FIN DATED 19.02.2025)
ധനകാര്യ (പ്ലാനിഗ് -ബി) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/3/2025-HEALTH )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 04-03-2026 13:03:31
സെക്ഷൻ ഓഫീസർ